# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.481

## 05-06-2018 ൽ മറുപടിക്ക്

## കിഫ്ബിയുടെ അക്കൗണ്ടിൽ നിന്നും ബാങ്കുകളിൽ നിക്ഷേപിച്ച തുക

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.കെ.സി. ജോസഫ്<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.കെ.എസ്. ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ അക്കൗണ്ടിൽ നിന്നും 29.1.2018 ൽ വിവിധ ബാങ്കുകളിൽ ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ച തുക എത്രയാണ്; ഏതെല്ലാം ബാങ്കുകളിലാണ് തുക നിക്ഷേപിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ; | 2018 ജനുവരി 29 നുള്ള കിഫ്ബിയുടെ ബാങ്ക് നിക്ഷേപത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) വിവിധ ബാങ്കുകളിൽ വ്യത്യസ്ത പലിശ നിരക്കിലാണോ 29.1.2018 ൽ തുക നിക്ഷേപിച്ചത്; ഇതിനുള്ള കാരണമെന്താണ്;<br>(സി) കുറഞ്ഞ പലിശക്ക് തുക നിക്ഷേപിച്ചത് മൂലം ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;<br>(ഡി) 29.1.2018 ൽ കിഫ്ബിയുടെ അക്കൗണ്ടിലെ തുക വ്യത്യസ്ത ബാങ്കുകളിൽ നിക്ഷേപിച്ചത് ക്വട്ടേഷൻ സ്വീകരിച്ചാണോ; എങ്കിൽ ക്വട്ടേഷനിലെ വിശദാംശങ്ങൾ നൽകുമോ? | കിഫ്ബി ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായും സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകുന്ന ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലുമാണ് വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നത്. ഒരേ ബാങ്കിൽ ഒരേ സമയം കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതു മൂലം ഉണ്ടാകാവുന്ന സുരക്ഷിതത്വമില്ലായ്മ ഒഴിവാക്കാനാണ് തുക വിവിധ ബാങ്കുകളിലായി നിക്ഷേപിക്കുന്നത്. ഒരു സുതാര്യ നടപടിക്രമത്തിലൂടെ പലിശ നിരക്കും സുരക്ഷിതത്വവും കൂടി പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. ഈ കാരണത്താൽ നഷ്ടമുണ്ടായിട്ടില്ല. 24.4.2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് പോളിസിയിലും ഈ വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. 29.1.2018 ൽ വിവിധ ബാങ്കുകളിൽ നിന്നും ലഭിച്ച ക്വട്ടേഷന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| Fixed Deposits Opened on 29.01.2018 | | | |
|---|---|---|---|
| **Name of Bank** | **Date of Deposit** | **Amount deposited** | **Interest Rate** |
| YES Bank | 29-01-2018 | 1,50,00,00,000.00 | 7.40% |
| Indusind Bank | 29-01-2018 | 1,08,18,08,932.00 | 7.16% |
| **Total** | | **2,58,18,08,932.00** | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| List of Banks Quoted | | |
|---|---|---|
| **Sl.No.** | **Name of Bank** | **Rate of interest (%)** |
| 1. | YES Bank | 7.40 |
| 2. | IndusInd Bank | 7.16 |
| 3. | SIB Corporate Bank | 7.10 |
| 4. | HDFC Bank | 7.05 |
| 5. | ICICI Bank | 6.95 |
| 6. | IDBI Trivandrum | 6.71 |
| 7. | IDBI Manacaud | 6.56 |
| 8. | Vijaya Bank | 6.42 |
| 9. | Bank of India | 5.90 |
| 10. | IOB | 5.50 |
| 11. | Canara Bank | 5.80 |

സെക്ഷൻ ഓഫീസർ